# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

## ലഹരി വസ്തുക്കളുടെ ഉപഭോഗവും വ്യാപാരവും

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1070** | **14.01.2021-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |

| | | | |
|---|---|---|---|
| **എ)** | സംസ്ഥാനത്ത് എത്ര ബാറുകൾ, വൈൻ പാർലറുകൾ, ബിവറേജ് ഔട്ട് ലെറ്റുകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | **എ)** | ബാറുകൾ - 619<br>വൈൻ പാർലറുകൾ - 318<br>ബീവറേജ് ഔട്ട് ലെറ്റുകൾ - 265 (270 ന് അനുമതി ഉണ്ട്)<br>കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകൾ - 36<br>കള്ള് ഷാപ്പുകൾ - 5170 |
| **ബി)** | ഇവ പ്രവർത്തിക്കുമ്പോൾ കഞ്ചാവ് പോലുള്ള ലഹരിവസ്തുക്കളുടെ ഉപഭോഗവും വ്യാപാരവും വർദ്ധിക്കുന്നത് സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ; ഇത് തടയുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | **ബി)** | പഠനവിധേയമാക്കിയിട്ടില്ല. സംസ്ഥാനത്ത് മദ്യ ഷാപ്പുകൾ പൂട്ടി ഇട്ടിരുന്ന കാലത്ത് കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കളുടെ ഉപഭോഗവും വ്യാപാരവും ധാരാളമായി വർദ്ധിച്ചിരുന്നു. ആയതിന്റെ ഭാഗമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും വൻതോതിൽ മയക്കമരുന്ന് ഇനത്തിൽപെട്ട ലഹരി വസ്തുക്കൾ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ വിമുക്തി മിഷന്റെ ഭാഗമായി മദ്യ മയക്കമരുന്ന് ലഹരിക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മയക്കമരുന്ന് വിഭാഗത്തിൽ പെട്ട ലഹരി വസ്തുക്കൾ പരിശോധിച്ച് കണ്ടെത്തുന്നതിനു വേണ്ടി ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി ഫീൽഡ് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ